ടെണ്ടർ നമ്പർ : 06/2013

R&A I (1) 49439/05/GW

തീയതി : 25/11/2013

# ടെണ്ടർ നോട്ടീസ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആവശ്യത്തിനായി 67 Desk Top Computers കേന്ദ്ര/മേഖലാ/ജില്ലാ ഓഫീസുകളിൽ സ്ഥാപിക്കുന്നതിനായി മത്സരാടിസ്ഥാനത്തിലുള്ള സീൽ ചെയ്ത ടെണ്ടറുകൾ ക്ഷണിക്കുന്നു.

ടെണ്ടർ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് "ടെണ്ടർ നം. 6/2013, 67 Desk Top Computers സപ്ലൈ ചെയ്യുന്നതിന്" എന്ന് രേഖപ്പെടുത്തി സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം (പി.ഒ), തിരുവനന്തപുരം, കേരളം, പിൻകോഡ് - 695 004" എന്ന വിലാസത്തിൽ 30.12.2013 ഉച്ചയ്ക്ക് 1 മണി വരെ സ്വീകരിക്കുന്നതാണ്. ടെണ്ടർ സമർപ്പിച്ചിട്ടുള്ളവരുടേയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ലഭ്യമായ ടെണ്ടർ 30.12.2013- ന് ഉച്ചയ്ക്ക് ശേഷം 3 മണിക്ക് തുറക്കുന്നതും അനന്തരനടപടികൾ സ്വീകരിക്കുന്നതുമാണ്. നിർദ്ദിഷ്ട തീയതിയ്ക്കും സമയത്തിനും ശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയ്ക്ക് അപേക്ഷ നൽകിയാൽ ടെണ്ടർ ഫോമുകൾ ലഭിക്കുന്നതാണ്. അപേക്ഷയോടൊപ്പം ടെണ്ടർഫോമിന്റെ വിലയായ 3,200/-രൂപ (മൂവായിരത്തി ഇരുന്നൂറ് രൂപ മാത്രം - നികുതികൾ ഉൾപ്പെടെ) കാഷ്/മണിയോർഡർ എന്നിവയായോ, സെക്രട്ടറി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന പേരിൽ എടുത്തിട്ടുള്ള തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയോ ഹാജരാക്കേണ്ടതാണ്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതല്ല. ടെണ്ടർ ഫോമുകൾ കൈമാറ്റം ചെയ്യാൻ പാടില്ല. ഡ്യൂപ്ലിക്കേറ്റ് ടെണ്ടർ ഫോമുകൾ ആവശ്യമുള്ള പക്ഷം ഒരു പകർപ്പിന് 1,700/-രൂപ (ആയിരത്തി എഴുന്നൂറ് രൂപ മാത്രം) നിരക്കിൽ ലഭിക്കുന്നതാണ്. ടെണ്ടർഫോമുകളുടെ വില്പന 30.12.2013 ന് ഉച്ചയ്ക്ക് 12 മണിക്ക് അവസാനിക്കുന്നതാണ്. ടെണ്ടർഫോമുകളുടെ വിലയായി ചെക്ക്, പോസ്റ്റൽ ഓർഡർ, പോസ്റ്റൽ സ്റ്റാമ്പ് എന്നിവ സ്വീകരിക്കുന്നതല്ല. ടെണ്ടർഫോറങ്ങൾ VPP മുഖേന ഈ ഓഫീസിൽ നിന്നും അയച്ചുകൊടുക്കുന്നതല്ല. കേരളത്തിന് പുറത്ത് നിന്നും ടെണ്ടറുകൾ സമർപ്പിക്കുമ്പോൾ ആവശ്യമായ സമ്മതപത്രം തയ്യാറാക്കുന്നതിനുള്ള ചെലവിനായി 130/-രൂപ (നൂറ്റി മുപ്പതു രൂപ മാത്രം) (സ്റ്റാമ്പ് പേപ്പർ -100+30 രൂപാ യാദൃശ്ചികചിലവുകൾ) മണിഓർഡർ ആയി അയയ്ക്കുന്ന പക്ഷം ഓഫീസിൽ നിന്നും അയച്ചുതരുന്നതാണ്. ഇതിനായി മണിയോർഡറുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

പി.സി.ബിനോയ്,
സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

Tender No. 06/2013

# Tender Specification for Desk Top 'PC'

## Specification for Desktop

Personal Computers from **Leading Manuaturers** with

Intel Core i3-3220 Processor, 3MB cache, 3.30 Ghz or Higher
OEM/Intel Original Motherboard
Integrated Graphics, Sound, Network
2 PCI, 1 PCI Express X 1 or more
2 GB DDR3 RAM @ 1333/1600 Mhz or better with 8 GB Expandability
500 GB 7200 rpm SATA HDD
18.5" TFT Digital Colour Monitor
Keyboard & Mouse, 6 USB Ports
Mini Tower, DVD RW
Additional 10/100/1000 Network Card
Linux preloaded
3 Years Onsite Warranty

ടെണ്ടർ നമ്പർ : 06/2013

## ടെണ്ടർ ഷെഡ്യൂൾ

| | | |
|---|---|---|
| സൂപ്പർ സ്ക്രിപ്ഷൻ | : | ടെണ്ടർ നം: 6/2013, 67 Desk Top Computers പുതുതായി KPSC കേന്ദ്ര/മേഖലാ/ജില്ലാ ഓഫീസുകളിൽ സ്ഥാപിക്കുന്നതിന് |
| ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും. | : | 30.12.2013 ന് ഉച്ചയ്ക്ക് 1 മണി വരെ |
| ടെണ്ടറുകൾ തുറക്കുന്ന സമയവും തീയതിയും | : | 30.12.2013 ന് ഉച്ചയ്ക്ക് ശേഷം 3 മണിക്ക് |
| ടെണ്ടർ റേറ്റ് നിലനിൽക്കുന്ന കാലാവധി | : | 30/03/14 |
| ടെണ്ടർ ഫോമിന്റെ വില | : | 3200/-രൂപ (നികുതി ഉൾപ്പെടെ) |
| ഡ്യൂപ്ലിക്കേറ്റ് ടെണ്ടർ ഫോമിന്റെ വില | : | 1700/-രൂപ |
| ടെണ്ടർ ഫോമുകൾ വിൽക്കുന്ന അവസാന തീയതി | : | 30.12.2013 ഉച്ചയ്ക്ക് 12 മണി വരെ |
| ടെണ്ടർ ഫോമുകൾ ലഭിക്കുന്നതും ടെണ്ടറുകൾ സമർപ്പിക്കേണ്ടതുമായ ഓഫീസറുടെ അഡ്രസ്സ് | : | സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം പാലസ്(പി.ഒ),തിരുവനന്തപുരം, പിൻകോഡ് - 695 004 |

## നിബന്ധനകളും വ്യവസ്ഥകളും

1. വാറന്റി:-മൂന്ന് വർഷകാലത്തെ വാറണ്ടി കാലാവധി വ്യവസ്ഥ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

2. സപ്ലൈ ഓർഡർ ലഭിച്ച് 10 ദിവസത്തിനുള്ളിൽ കേന്ദ്ര ആഫീസിൽ ടെണ്ടറുകാരുടെ സ്വന്തം ചിലവിൽ കമ്പ്യൂട്ടർ എത്തിച്ച് പ്രവർത്തിപ്പിച്ച് തരേണ്ടതാണ്.

3. കേരള പബ്ലിക് സർവ്വീസ് കമ്മീഷന് തൃപ്തിയാകുന്ന രീതിയിൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് കമ്മീഷൻ ചെയ്ത് പ്രവർത്തിപ്പിച്ച് നൽകേണ്ടത് സപ്ലൈ ചെയ്യുന്ന സ്ഥാപനത്തിന്റെ ചുമതലയാണ്.

4. വാറന്റി കാലാവധിക്കുള്ളിൽ കമ്പ്യൂട്ടറുകൾ തൃപ്തികരമായി പ്രവർത്തിക്കാത്തപക്ഷം അവയ്ക്ക് പകരമായി പുതിയ മെഷീനുകൾ സപ്ലൈ ചെയ്യേണ്ടതും പുതിയ മെഷീനുകൾ സപ്ലൈ ചെയ്ത സമയം മുതൽ വാറന്റി കാലാവധി ആരംഭിക്കുന്നതാണ്.

5. സപ്ലൈ ചെയ്യുന്ന കമ്പ്യൂട്ടറുകളുടെ ഗുണനിലവാരം, കാര്യക്ഷമത എന്നിവയെ സംബന്ധിച്ച വിദഗ്ധന്റെ സർട്ടിഫിക്കറ്റിനു വിധേയമായി മാത്രം ടെണ്ടർ തുക മാറി നൽകുന്നതാണ്.

6. സെക്യൂരിറ്റി ഡെപ്പോസിറ്റ് വാറന്റി കാലാവധി പൂർത്തിയായ ശേഷം തിരികെ നൽകുന്നതാണ്.

7. പി.എസ്.സി ഓഫീസേഴ്സിനും ടെക്നീഷ്യൻസിനും പ്രവർത്തന പരിശീലനം നൽകേണ്ടതാണ്.

8. കമ്പ്യൂട്ടറുകൾക്ക് 24 x 7 support നൽകണം.

9 ഇൻവോയിസിലും സപ്ലൈ ഓർഡറിലും നിർദ്ദേശിച്ചിട്ടുള്ള ഐറ്റംസ് സപ്ലൈ ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ, അതിൻ മൂലമുള്ള നഷ്ടം ഈടാക്കുന്നതിന് കമ്മീഷന് സമ്പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

10. തുക ക്വാട്ട് ചെയ്യുന്ന കമ്പ്യൂട്ടറിന്റെ മോഡൽ, നിർമ്മിച്ച വർഷം, മുതലായവ ടെണ്ടറിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

11 ടെണ്ടറിനോടൊപ്പം നിർമ്മാതാക്കളിൽ നിന്നുള്ള ഡീലർഷിപ്പ് സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്.

12 മറ്റ് ചാർജ്ജുകൾ, നികുതികൾ, ഡ്യൂട്ടി തുകകൾ, ലെവികൾ എന്നിവയും കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

<u>മറ്റ് വിശദാംശങ്ങൾ</u>

1. ടെണ്ടർ സമർപ്പിക്കുന്ന കവറിന് പുറത്തായി "ടെണ്ടർ നം. 6/2013, 67 Desk Top Computers സപ്ലൈ ചെയ്യുന്നതിന്" എന്ന് രേഖപ്പെടുത്തി സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം (പി.ഒ) തിരുവനന്തപുരം , കേരളം, പിൻകോഡ് - 695 004" എന്ന അഡ്രസ്സിൽ ലഭ്യമാക്കേണ്ടതാണ്.

2. ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി സമയം- 30.12.2013 ന് ഉച്ചയ്ക്ക് 1 മണി വരെ

3. നിർദ്ദിഷ്ട സമയത്തിന് ശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

4. ടെണ്ടറുകളോടൊപ്പം ടെണ്ടർ തുകയുടെ 1% ന് തുല്യമായ തുക നിരതദ്രവ്യമായി (ഇ.എം.ഡി) കെ.പി.എസ്.സി. സെക്രട്ടറിയുടെ പേർക്ക് തിരുവനന്തപുരത്ത് മാറാവുന്ന ക്രോസ് ചെയ്ത് ഡിമാന്റ് ഡ്രാഫ്റ്റ് ആയി ഉള്ളടക്കം ചെയ്തിരിക്കണം. കൂടാതെ 100/-രൂപാ വിലയുള്ള കേരളാ സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം (ആവശ്യമുള്ള പക്ഷം) ഉള്ളടക്കം ചെയ്യേണ്ടതാണ്.

5. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്വീകാര്യമാകാത്ത ടെണ്ടറുകൾ നല്കിയവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

6. സ്വീകരിക്കപ്പെടുന്ന ടെണ്ടറിന്റെ നിരതദ്രവ്യം സെക്യൂരിറ്റി ഡിപ്പോസിറ്റിൽ വകകൊള്ളിക്കുന്നതാണ്.

7. പർച്ചേസ് വാല്യൂവിന്റെ 5% തുക സെക്യൂരിറ്റി ഡിപ്പോസിറ്റായി കെ.പി.എസ്.സി സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി നൽകേണ്ടതാണ്. കരാർ കാലാവധി വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ നൽകുന്നതാണ്.

8. ടെണ്ടർ സമർപ്പിച്ചിട്ടുള്ളവരുടേയോ, അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ 30.12.2013- ന് ഉച്ചയ്ക്ക് ശേഷം 3 മണിയ്ക്ക് ലഭ്യമായ ടെണ്ടറുകൾ തുറക്കുന്നതാണ്.

9. ടെണ്ടറുകൾ കാരണം കൂടാതെ പൂർണ്ണമായോ, ഭാഗികമായോ നിരസിക്കുന്നതിനും സ്വീകരിക്കുന്നതിനും അവസാന തീയതി നീട്ടിവയ്ക്കുന്നതിനുമുള്ള അധികാരം പർച്ചേസിംഗ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

NB:- ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ആർ & എ ജോയിന്റ് സെക്രട്ടറിയിൽ നിന്നും ലഭിക്കുന്നതാണ്.
(ഫോൺ 0471-2546202, 9447785476)
Website: www.keralapsc.gov.in

പി.സി.ബിനോയ്,
സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

ടെണ്ടർ നമ്പർ : 06/2013

വെബ് സൈറ്റ്: www.keralapsc.gov.in
ടെലിഗ്രാഫ്: KERSERCOM”
ഇ–മെയിൽ: kpsc@keralapsc.org
ടെലിഫോൺ: 0471-2447201

# കേരള പബ്ലിക് സർവീസ് കമ്മിഷൻ

**നമ്പർ:** ആർ.&എ. I(1)49439/05/ഗ.വി.

**തിരുവനന്തപുരം,**
**തീയതി** : 25.11.2013

## ലഘുദർഘാസ് പരസ്യം

| | |
|---|---|
| വകുപ്പ് | : കേരള പബ്ലിക് സർവീസ് കമ്മിഷൻ |
| ദർഘാസ് പരസ്യം | : 06/2013 |
| ദർഘാസിന്റെ ഉദ്ദേശ്യം | : കെ.പി.എസ്.സി യുടെ ആവശ്യത്തിനായി 67 Desk Top കമ്പ്യൂട്ടറുകൾ പുതുതായി KPSC കേന്ദ്ര/മേഖലാ/ജില്ലാ ഓഫീസുകളിൽ സ്ഥാപിക്കുന്നതിന് |
| ഫാറം വില | : 3200/- രൂപാ |
| നിരതദ്രവ്യം | : ക്വാട്ട് ചെയ്യുന്ന വിലയുടെ 1% |
| ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി | : 30.12.2013 ഒരുമണി വരെ |
| ദർഘാസിനെക്കുറിച്ച് കൂടുതൽ വിവരം ലഭിക്കുന്ന ഓഫീസിന്റെ പേരും മേൽവിലാസവും | : ജോയിന്റ് സെക്രട്ടറി,<br>ആർ&എ. വിംഗ്,<br>കേരള പബ്ലിക് സർവീസ് കമ്മിഷൻ,<br>പട്ടം, തിരുവനന്തപുരം.<br><br>ഫോൺ: 0471-2546202 |

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക *www.keralapsc.gov.in*

**പി.സി.ബിനോയ്,**
**സെക്രട്ടറി,**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**

ടെണ്ടർ നമ്പർ : 06/2013

വെബ് സൈറ്റ്: www.keralapsc.gov.in
ടെലിഗ്രാഫ്: KERSERCOM”

ഇ–മെയിൽ: kpsc@keralapsc.org
ടെലിഫോൺ: 0471-2447201

# കേരള പബ്ലിക് സർവീസ് കമ്മിഷൻ

**നമ്പർ:** ആർ.&എ. I (1) 49439/05/ഗ.വി.

**തിരുവനന്തപുരം,**
**തീയതി :** 25.11.2013

## <u>വിൻഡോ പരസ്യം</u>

| | |
|---|---|
| ദർഘാസിന്റെ ഉദ്ദേശ്യം | : കെ.പി.എസ്.സി യുടെ ആവശ്യത്തിനായി 67 Desk Top കമ്പ്യൂട്ടറുകൾ വാങ്ങി KPSC കേന്ദ്ര/മേഖലാ/ജില്ലാ ഓഫീസുകളിൽ സ്ഥാപിക്കുന്നതിന് |
| ദർഘാസിന്റെ പ്രമാണ വില | : 3200/- രൂപാ |
| നിരതദ്രവ്യം | : ക്വാട്ട് ചെയ്യുന്ന വിലയുടെ 1% |
| ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി | : 30.12.2013 പകൽ ഒരുമണി വരെ |

**പി.സി.ബിനോയ്,**
**സെക്രട്ടറി,**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**

*L/27/11/13*